# 022/2018 - M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡു കളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല, അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 022/2018 - M

1. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ പെയ്യുന്ന സ്ഥലം :

(A) സിംല (B) ചിറാപ്പുഞ്ചി (C) കുളു (D) മണാലി

2. കേരളത്തിൽ സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന സ്ഥലം :

(A) കുട്ടനാട് (B) തിരുവനന്തപുരം

(C) കായംകുളം (D) കൊല്ലം

3. ദക്ഷിണ റയിൽവേയുടെ ആസ്ഥാനം :

(A) തിരുവനന്തപുരം (B) കൽക്കത്ത

(C) ഡൽഹി (D) ചെന്നൈ

4. ന്യൂമിസ്മാറ്റിക്സ് എന്തിനെക്കുറിച്ചുള്ള പഠനമാണ് :

(A) ചിത്രം (B) സ്റ്റാമ്പ് (C) നാണയം (D) മണ്ണ്

5. 2016 ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക് :

(A) പുതുശ്ശേരി രാമചന്ദ്രൻ (B) എം.പി. വീരേന്ദ്രകുമാർ

(C) സി. രാധാകൃഷ്ണൻ (D) ശ്രീകുമാരൻ തമ്പി

6. ഇന്ത്യയിൽ മൺസൂണിന്റെ ആരംഭം ഏത് മാസത്തിലാണ് ?

(A) മെയ് (B) ജൂൺ (C) ജൂലൈ (D) മാർച്ച്

7. പ്രസിദ്ധമായ കുണ്ടറ വിളംബരം പുറപ്പെടുവിച്ച ദിവാൻ :

(A) വേലുത്തമ്പി ദളവ (B) പാലിയത്തച്ചൻ

(C) മാർത്താണ്ഡവർമ്മ (D) പഴശ്ശിരാജ

8. ഇന്ത്യയിൽ കിഴക്കേ അറ്റത്തുള്ള സംസ്ഥാനം :

(A) അരുണാചൽ പ്രദേശ് (B) സിക്കിം

(C) ഒഡിഷ (D) പശ്ചിമബംഗാൾ

9. കേരളത്തിലെ ആദ്യത്തെ നാഷണൽ പാർക്ക് :
(A) സൈലന്റ് വാലി (B) പാമ്പാടും ചോല
(C) മതികെട്ടാൻ (D) ഇരവികുളം

10. കേരളത്തിലെ ഏറ്റവും വലിയ കായൽ :
(A) വേമ്പനാട്ട് കായൽ (B) അഷ്ടമുടിക്കായൽ
(C) ശാസ്താം കോട്ട കായൽ (D) പെരുങ്കുഴി കായൽ

11. ഏറ്റവും കൂടുതൽ നായകനായി റെക്കോഡിട്ട ഇന്ത്യൻ സിനിമാ നടൻ ?
(A) അമിതാഭ് ബച്ചൻ (B) മമ്മൂട്ടി
(C) പ്രേം നസീർ (D) ശാറൂഖ് ഖാൻ

12. പരിസ്ഥിതി ദിനം എന്നാണ് ആചരിക്കുന്നത് :
(A) ജൂലൈ 5 (B) ജൂൺ 5 (C) മാർച്ച് 22 (D) സെപ്റ്റംബർ 5

13. സുഭാഷ് ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയ പാർട്ടി :
(A) കിസാൻ സഭ (B) ഫോർവേഡ് ബ്ലോക്ക്
(C) ആം ആദ്മി (D) അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്

14. ഇന്ത്യയുടെ പൂന്തോട്ടം എന്നറിയപ്പെടുന്നത് ?
(A) പഞ്ചാബ് (B) ഹരിയാന
(C) ഹിമാചൽപ്രദേശ് (D) കാശ്മീർ

15. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ കോൺഗ്രസ് പ്രസിഡന്റ് ആരായിരുന്നു ?
(A) കെ.പി. കേശവമേനോൻ (B) എ.ഒ. ഹ്യൂം
(C) സി. രാധാകൃഷ്ണൻ (D) ജെ.ബി. കൃപലാനി

16. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി നിയമിതനായ മലയാളി :
(A) ഐ.കെ. കുമാരൻ (B) വി.പി. മേനോൻ
(C) പട്ടം താണുപിള്ള (D) എ.കെ. ഗോപാലൻ

17. ഇപ്പോഴത്തെ കേരള ധനമന്ത്രി :
(A) തോമസ് ഐസക് (B) ജി. സുധാകരൻ
(C) പ്രൊഫ. രവീന്ദ്രനാഥ് (D) എ.കെ. ബാലൻ

18. കേരള നവോത്ഥാനത്തിന്റെ പിതാവ് :

(A) അയ്യങ്കാളി (B) അയ്യപ്പൻ

(C) ശ്രീനാരായണഗുരു (D) ചട്ടമ്പി സ്വാമികൾ

19. പിണറായി വിജയൻ കേരളത്തിന്റെ എത്രാമത്തെ മുഖ്യമന്ത്രിയാണ് :

(A) 10 (B) 13 (C) 12 (D) 9

20. ഇന്ത്യയുടെ ദേശീയ പതാകയുടെ മാതൃക ഉണ്ടാക്കിയതാര് ?

(A) സുഭാഷ് ചന്ദ്ര ബോസ് (B) ഭാനു അത്തയ്യ

(C) ജോതി റാവു ഫുലെ (D) പിംഗലി വെങ്കയ്യ

21. ക്വിറ്റ് ഇന്ത്യാ സമരം നടന്ന വർഷം?

(A) 1942 (B) 1945 (C) 1950 (D) 1931

22. 'അറബിക്കടലിന്റെ റാണി' എന്നറിയപ്പെടുന്നത് :

(A) കൊച്ചി (B) തിരുവനന്തപുരം (C) ആലപ്പുഴ (D) കണ്ണൂർ

23. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം :

(A) കോട്ടയം (B) തൃശൂർ (C) പാലക്കാട് (D) കോഴിക്കോട്

24. കേരളത്തിൽ പ്രസിദ്ധ സുഖസാസ കേന്ദ്രമായ പൊന്മുടി സ്ഥിതി ചെയ്യുന്ന ജില്ല :

(A) കൊല്ലം (B) കോട്ടയം (C) പത്തനംതിട്ട (D) തിരുവനന്തപുരം

25. കേരള സംസ്ഥാനം രൂപം കൊണ്ട വർഷം :

(A) 1947 (B) 1956 (C) 1951 (D) 1950

26. 'വന്ദേമാതര' ത്തിന്റെ രചയിതാവ് ?

(A) രബീന്ദ്രനാഥടാഗോർ (B) പണ്ഡിറ്റ് രവിശങ്കർ

(C) ബങ്കിം ചന്ദ്ര ചാറ്റർജി (D) മുഹമ്മദ് ഇക്ബാൽ

27. കേന്ദ്ര ആസൂത്രണ കമ്മീഷൻ 'നീതി ആയോഗ്'ന്റെ അധ്യക്ഷൻ :

(A) പ്രസിഡന്റ് (B) പ്രധാനമന്ത്രി (C) ചീഫ് ജസ്റ്റിസ് (D) ഗവർണർ

28. പരുത്തിക്കൃഷിക്ക് അനുയോജ്യമായ മണ്ണ് ?
(A) കറുത്തമണ്ണ് (B) ചെമ്മണ്ണ് (C) എക്കൽമണ്ണ് (D) ലാറ്ററൈറ്റ് മണ്ണ്

29. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആസ്ഥാനം :
(A) ഡൽഹി (B) കൽക്കത്ത (C) ചെന്നൈ (D) മുംബൈ

30. ഇന്ത്യ വിക്ഷേപിച്ച ആദ്യത്തെ ഉപഗ്രഹം :
(A) ഭാസ്കര (B) ആര്യഭട്ട (C) ചന്ദ്രയാൻ (D) മംഗൾയാൻ

31. കേരളത്തിൽ അവസാനം രൂപം കൊണ്ട ജില്ല :
(A) കണ്ണൂർ (B) വയനാട് (C) ആലപ്പുഴ (D) കാസാർഗോഡ്

32. ഇന്ത്യൻ ഭരണ ഘടനാ ശില്പി ആര് ?
(A) സി. രാധാകൃഷ്ണൻ (B) നെഹ്രൂ
(C) ഗാന്ധിജി (D) ഡോ. അംബേദ്ക്കർ

33. മണിപ്പൂരിൽ 'അഫ്സപ്പ' എന്ന പട്ടാളത്തിന്റെ പ്രത്യേകാധികാര നിയമത്തിനെതിരെ നിരാഹാര സമരം നടത്തിയ വനിത :
(A) മേധാ പട്ക്കർ (B) ആങ്സാങ് സൂചി
(C) ഇറോം ശാനുശർമ്മിള (D) അരുന്ധതീ റോയ്

34. ചിപ്കോ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?
(A) പീറ്റർ ബെനൻസൺ (B) മഹാത്മാഗാന്ധി
(C) സുന്ദർലാൽ ബഹുഗുണ (D) കല്ലൻ പൊക്കുടൻ

35. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :
(A) ആനമുടി (B) നന്ദാദേവി (C) പൊന്മുടി (D) നംഗപർവത്

36. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാമന്ത്രി :
(A) ജവഹർലാൽ നെഹ്റു (B) മുഹമ്മദലി ജിന്ന
(C) സി. രാജഗോപാലാചാരി (D) ഡോ. അംബേദ്കർ

37. ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത് :
(A) ചെറുശ്ശേരി (B) വള്ളത്തോൾ (C) എഴുത്തച്ഛൻ (D) ഉള്ളൂർ

38. 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്നറിയപ്പെടുന്ന ശാസ്ത്രജ്ഞൻ :
(A) വിക്രം സാരാഭായ് (B) ഡോ. എ.പി.ജെ. അബ്ദുൽകലാം
(C) ഹോമി ജെ. ഭാഭ (D) ഡോ. രാജ രാമണ്ണ

39. താഴെ കൊടുത്തിട്ടുള്ളവയിൽ റയിൽപാളം ഇല്ലാത്ത ജില്ല :
(A) പാലക്കാട് (B) മലപ്പുറം (C) കണ്ണൂർ (D) ഇടുക്കി

40. കേരളത്തിലെ പയ്യന്നൂരിൽ ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകിയതാര് ?
(A) കെ. കേളപ്പൻ (B) മന്നത്തു പത്മനാഭൻ
(C) ഡോ. പൽപ്പു (D) എ.കെ. ഗോപാലൻ

41. 'പാവങ്ങളുടെ അമ്മ' എന്നറിയപ്പെടുന്നത് :
(A) സിസ്റ്റർ അൽഫോൺസാമ്മ (B) മദർ തെരേസ
(C) സിസ്റ്റർ നിവേദിത (D) സിസ്റ്റർ നിർമ്മല

42. ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് ലഭിച്ച പ്രദേശം ഏത് ?
(A) തിരുവിതാംകൂർ (B) കോട്ടയം
(C) മലബാർ (D) കൊച്ചി

43. പ്രച്ഛന്ന ബുദ്ധൻ എന്നറിയപ്പെടുന്നതാര് ?
(A) ശ്രീ ബുദ്ധൻ (B) മഹാവീരൻ
(C) സായിബാബ (D) ശ്രീ ശങ്കരാചാര്യർ

44. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ സത്യാഗ്രഹ സമരം എവിടെ വച്ചായിരുന്നു ?
(A) ചമ്പാരൻ (B) ഖേഡ
(C) അഹമ്മദാബാദ് (D) ബർദോളി

45. ഇന്ത്യയിലുള്ള ദേശ സാൽകൃത ബാങ്കുകളുടെ എണ്ണം :
(A) 17 (B) 18
(C) 19 (D) 22

46. പ്രസിദ്ധമായ 'ജാലിയൻ വാലാ ബാഗ്' എന്ന സ്ഥലം സ്ഥിതി ചെയ്യുന്നതെവിടെ :
(A) കാശ്മീർ (B) പഞ്ചാബ്
(C) ഗുജറാത്ത് (D) ഹരിയാന

47. ഇന്ത്യയുടെ മുഖ്യ ഭക്ഷ്യവിള :

(A) നെല്ല്
(B) ഗോതമ്പ്
(C) ചോളം
(D) ബാർലി

48. റഷ്യയുടെ സഹായത്തോടെ ഇന്ത്യ വിക്ഷേപിച്ച മിസൈൽ :

(A) പൃഥ്വി
(B) അഗ്നി
(C) ബ്രഹ്മോസ്
(D) തൃശൂൽ

49. ദേശീയ ഗാനം ആലപിക്കാൻ വേണ്ട സമയം :

(A) 42 സെക്കന്റ്
(B) 50 സെക്കന്റ്
(C) 48 സെക്കന്റ്
(D) 52 സെക്കന്റ്

50. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ദേശീയ സമര കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന പത്രം :

(A) കേസരി
(B) യങ് ഇന്ത്യ
(C) ഹിന്ദു
(D) മറാത്ത

51. ഇന്ത്യയുടെ ദേശീയ കായിക വിനോദം :

(A) ക്രിക്കറ്റ്
(B) ഹോക്കി
(C) ഫുട്ബോൾ
(D) കബഡി

52. ഇന്ത്യയിൽ ആദ്യം എത്തിയ യൂറോപ്യർ :

(A) ബ്രിട്ടീഷുകാർ
(B) ഫ്രഞ്ചുകാർ
(C) ഡച്ചുകാർ
(D) പോർച്ചുഗീസുകാർ

53. 'ബേപ്പൂർ സുൽത്താൻ' എന്നറിയപ്പെടുന്ന എഴുത്തുകാരൻ :

(A) വൈക്കം മുഹമ്മദ് ബഷീർ
(B) തകഴി ശിവശങ്കരപ്പിള്ള
(C) വയലാർ രാമവർമ്മ
(D) എസ്. കെ. പൊറ്റക്കാട്

54. 'തൃപ്പടി ദാനം'നടത്തിയ തിരുവിതാംകൂർ ഭരണാധികാരി :

(A) പഴശ്ശിരാജ
(B) സ്വാതി തിരുനാൾ
(C) മാർത്താണ്ഡവർമ്മ
(D) ധർമ്മരാജ

55. നീല വിപ്ലവം താഴെ തന്നിട്ടുള്ളവയിൽ ഏതുമായി ബന്ധപ്പെട്ടതാണ് :

(A) പാല് (B) മുട്ട

(C) മത്സ്യം (D) എണ്ണക്കുരു

56. കേരളത്തിൽ വനവിസ്തൃതി കൂടുതൽ ഉള്ള ജില്ല :

(A) വയനാട് (B) തിരുവനന്തപുരം

(C) ആലപ്പുഴ (D) ഇടുക്കി

57. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' ആരുടേതാണീ വാക്കുകൾ :

(A) നെഹ്രു (B) ഗാന്ധിജി

(C) സുഭാഷ് ചന്ദ്രബോസ് (D) ഭഗത് സിങ്

58. ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നതാര് ?

(A) രാഷ്ട്രപതി (B) ഗവർണർ (C) പ്രധാനമന്ത്രി (D) മുഖ്യമന്ത്രി

59. അദ്ധ്യാപക ദിനമായി ആചരിക്കുന്നത് ആരുടെ ജന്മദിനത്തിലാണ് :

(A) കെ.ജി. ബാലകൃഷ്ണൻ (B) ഡോ. രാജേന്ദ്രപ്രസാദ്

(C) ദാദാഭായ് നവറോജി (D) ഡോ. എസ്. രാധാകൃഷ്ണൻ

60. പയ്യോളി എക്സ്പ്രസ് എന്നറിയപ്പെടുന്ന കായിക താരം :

(A) ഷൈനി വിൽസൻ (B) അഞ്ജു ബോബിജോർജ്

(C) പി.ടി. ഉഷ (D) വത്സമ്മ

61. കൊഴുപ്പിന്റെ ഒരു ഘടകം :

(A) ഫാറ്റി ആസിഡ് (B) നിക്കോട്ടിനിക് ആസിഡ്

(C) ഫോളിക് ആസിഡ് (D) ലാക്റ്റിക് ആസിഡ്

62. കേന്ദ്ര കിഴങ്ങ് വർഗ്ഗ ഗവേഷണകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം :

(A) കൊല്ലം (B) തിരുവനന്തപുരം

(C) കോഴിക്കോട് (D) പട്ടാമ്പി

63. ശാസ്ത്രീയമായി മുയൽകൃഷി ചെയ്യുന്നത് എന്ത് പേരിലറിയപ്പെടുന്നു :

(A) എപ്പികൾച്ചർ (B) വിറ്റികൾച്ചർ (C) കൂണികൾച്ചർ (D) പിസികൾച്ചർ

64. ഇന്ത്യയിൽ സിംഹങ്ങൾ കാണപ്പെടുന്ന വനം ഏത് ?

(A) കാസിരംഗ (B) ഇരവികുളം (C) ഗിർവനം (D) സൈലന്റ് വാലി

65. മനുഷ്യ ശരീരത്തിലെ ഏറ്റവും കടുപ്പമുള്ള ഭാഗം ഏത് ?

(A) പല്ലിന്റെ ഇനാമൽ (B) നട്ടെല്ല്

(C) തലയോട് (D) നഖങ്ങൾ

66. പന്നിപ്പനിയ്ക്ക് കാരണമായ വൈറസ് :

(A) H1N1 (B) H5N1 (C) H1N5 (D) H2N5

67. തൈറോയിഡ് ഗ്രന്ഥി ഉൽപ്പാദിപ്പിക്കുന്ന തൈറോക്സിൻ എന്ന ഹോർമോൺ നിർമ്മിക്കുന്നതിന് ആവശ്യമായ ഘടകം :

(A) കാൽസ്യം (B) ഇരുമ്പ് (C) അയോഡിൻ (D) സോഡിയം

68. രക്തം കട്ടപിടിക്കുന്നതിന് ആവശ്യം വേണ്ട വൈറ്റമിനാണ് :

(A) വൈറ്റമിൻ എ (B) വൈറ്റമിൻ കെ (C) വൈറ്റമിൻ സി (D) വൈറ്റമിൻ ഇ

69. ശരീരത്തിലെ രാസപരീക്ഷണശാല :

(A) കരൾ (B) ശ്വാസകോശം (C) ഹൃദയം (D) തലച്ചോറ്

70. വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകം :

(A) റെഡ് ഡേറ്റാബുക്ക് (B) ഗ്രീൻ ഡേറ്റാ ബുക്ക്

(C) ബ്രൗൺ ഡേറ്റാ ബുക്ക് (D) യെല്ലോ ഡേറ്റാ ബുക്ക്

71. താഴെത്തന്നിരിക്കുന്നവയിൽ ഏതിലൂടെയാണ് ശബ്ദം ഏറ്റവും വേഗതയിൽ സഞ്ചരിക്കുന്നത് ?

(A) ശുദ്ധജലം (B) വായു (C) ഇരുമ്പ് (D) ശൂന്യത

72. ഉൽകൃഷ്ടവാതകം ഏതാണ് ?

(A) ഓക്സിജൻ (B) നിയോൺ (C) നൈട്രജൻ (D) ഹൈഡ്രജൻ

73. അന്തർവാഹിനികളിലിരുന്നുകൊണ്ട് സമുദ്രോപരിതലത്തിലുള്ള ദൃശ്യങ്ങൾ കാണുവാൻ ഉപയോഗിക്കുന്നത് ഏത് ഉപകരണമാണ് ?

(A) പെരിസ്കോപ്പ്
(B) ടെലിസ്കോപ്പ്
(C) കാലിഡോസ്കോപ്പ്
(D) ഇലക്ട്രോൺ മൈക്രോസ്കോപ്പ്

74. സൗരയൂഥത്തിലെ ഏത് ഗ്രഹത്തിന്റെ ഉപഗ്രഹമാണ് 'ടൈറ്റൻ' ?

(A) ശുക്രൻ
(B) വ്യാഴം
(C) യുറാനസ്
(D) ശനി

75. ഡാമിൽ കെട്ടിനിർത്തിയിരിക്കുന്ന ജലത്തിന്റെ ഊർജ്ജം ഏത് ?

(A) ഗതികോർജ്ജം
(B) സ്ഥിതികോർജ്ജം
(C) രാസോർജ്ജം
(D) ഇവയൊന്നുമല്ല

76. ഒരു വസ്തുവിൽ അടങ്ങിയിരിക്കുന്ന ദ്രവ്യത്തിന്റെ അളവാണ് __________ .

(A) വ്യാപ്തം
(B) പിണ്ഡം
(C) സാന്ദ്രത
(D) ഭാരം

77. ഏതു ലോഹത്തിന്റെ അയിരാണ് 'ബോക്സൈറ്റ്' ?

(A) അലൂമിനിയം
(B) ഇരുമ്പ്
(C) ചെമ്പ്
(D) സിങ്ക്

78. വിനാഗിരിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?

(A) സിട്രിക് ആസിഡ്
(B) ലാക്ടിക് ആസിഡ്
(C) അസറ്റിക് ആസിഡ്
(D) ഹൈഡ്രോക്ലോറിക് ആസിഡ്

79. ഐസ് ഉരുകുന്ന താപനില ഏത് ?

(A) 100°C
(B) 0°C
(C) 10°C
(D) 37°C

80. ഓക്സിജൻ വാതകം കണ്ടുപിടിച്ചത് ആര് ?

(A) ലാവോസിയെ
(B) കാവൻഡിഷ്
(C) ഹംഫ്രിഡേവി
(D) ഷീലേ

81. ഒരു ക്ലോക്കിലെ മണിക്കൂർ സൂചി ഒരു ദിവസം തിരിയുന്ന ഡിഗ്രി അളവ് എത്ര ?

(A) 720° (B) 360° (C) 180° (D) 24°

82. $\sqrt{0.000064}$ എത്ര ?

(A) 0.00008 (B) 0.008 (C) 0.08 (D) 0.0008

83. ഒരു കാർ ആദ്യത്തെ 120 കിലോമീറ്റർ ദൂരം ശരാശരി 30 കി.മീ./മണിക്കൂർ വേഗത്തിലും അടുത്ത 120 കിലോമീറ്റർ ദൂരം 20 കി.മീ./മണിക്കൂർ വേഗത്തിലും സഞ്ചരിച്ചാൽ യാത്രയിലെ ശരാശരി വേഗത എത്ര ?

(A) 25 കി.മീ./മണിക്കൂർ (B) 40 കി.മീ./മണിക്കൂർ

(C) 24 കി.മീ./മണിക്കൂർ (D) 48 കി.മീ./മണിക്കൂർ

84. $1\frac{1}{2}$ കിലോഗ്രാം തക്കാളിയുടെ വില 30 രൂപ. ഒരു കിലോഗ്രാം തക്കാളിയുടെ വില എന്ത് ?

(A) 12 (B) 10 (C) 15 (D) 20

85. $1, -1, 1, -1,$ .......... എന്ന ശ്രേണിയിലെ 35 പദങ്ങളുടെ തുക ?

(A) 1 (B) 35 (C) 0 (D) $-1$

86. 3675 നെ ഏത് ചെറിയ എണ്ണൽസംഖ്യകൊണ്ട് ഗുണിക്കുകയോ ഹരിക്കുകയോ ചെയ്താൽ പൂർണ്ണവർഗ്ഗം ആകും ?

(A) 2 (B) 3 (C) 5 (D) 7

87. $6+8\times(4+3)\div2\times(7-3)$ എത്ര ?

(A) 196 (B) 232 (C) 118 (D) 136

88. $\frac{x}{y}=\frac{1}{5}$ ആയാൽ $\frac{x+y}{x-y}$ എത്ര ?

(A) $\frac{3}{2}$ (B) $\frac{2}{3}$ (C) $\frac{-2}{3}$ (D) $\frac{-3}{2}$

89. മഴവില്ല് : ആകാശം : : മരീചിക : __________.

(A) മരുഭൂമി (B) വനം (C) തടാകം (D) അമ്പലം

**90.** 2, 3, 5, 8, 12, _____

(A) 20 (B) 17 (C) 21 (D) 22

**91.** അനു ഒരു മണിക്കൂർ പഠിച്ചു കഴിഞ്ഞാൽ 15 മിനിറ്റ് കളിക്കുന്നു. എന്നാൽ 4 മണിക്കൂർ സമയത്തിൽ എത്ര സമയം കളിക്കുന്നു ?

(A) 60 മിനിറ്റ് (B) 30 മിനിറ്റ് (C) 45 മിനിറ്റ് (D) ഇതൊന്നുമല്ല

**92.** ഒറ്റയെ കണ്ടെത്തുക ?

61, 67, 91, 97

(A) 67 (B) 61 (C) 97 (D) 91

**93.** രാമു ക്യൂവിൽ മുന്നിൽ നിന്ന് 13-ാമതും പിന്നിൽ നിന്ന് 7-ാമതുമാണ്. ക്യൂവിൽ ആകെ എത്ര പേരുണ്ട്.

(A) 19 (B) 20 (C) 18 (D) 21

**94.** Z = 52 ഉം CAT = 48 ഉം ആയാൽ ACT = ?

(A) 46 (B) 48 (C) 41 (D) 44

**95.** 200 രൂപയ്ക്ക് വാങ്ങിയ ഒരു സാധനം 230 രൂപയ്ക്ക് വിറ്റാൽ ലാഭം എത്ര ശതമാനം ?

(A) 30% (B) 10% (C) 15% (D) 20%

**96.** ഒരു ചതുരത്തിന്റെ പരപ്പളവ് $12\frac{1}{2}\text{cm}^2$ ഒരു വശത്തിന്റെ നീളം $3\frac{3}{4}$ cm ആയാൽ മറ്റേ വശത്തിന്റെ നീളം എത്ര ?

(A) $\frac{8}{3}$ cm (B) $\frac{3}{8}$ cm (C) $\frac{3}{10}$ cm (D) $\frac{10}{3}$ cm

**97.** $3.03 + 0.005 + 12.97 = ?$

(A) 16.005 (B) 15.005 (C) 15.975 (D) 16.975

98. ഒരു കുട്ടിക്ക് 7 വിഷയങ്ങൾക്ക് കിട്ടിയ ശരാശരി മാർക്ക് 40 ആണ്. കണക്ക് ഒഴികെ ഉള്ള വിഷയങ്ങളുടെ ശരാശരി 38 ആണെങ്കിൽ കണക്കിന്റെ മാർക്ക് എത്ര ?

(A) 40 (B) 52 (C) 58 (D) 62

99. രണ്ട് സംഖ്യകളുടെ ഉ.സാ.ഘ 11 ആണ്. ആ സംഖ്യകളുടെ ല.സാ.ഗു. 1815 അവയിൽ ഒരു സംഖ്യ 121 ആയാൽ മറ്റേ സംഖ്യ എത്ര ?

(A) 125 (B) 135 (C) 165 (D) 132

100. അമ്മയുടെയും മകളുടെയും വയസ്സുകളുടെ തുക 49 ആണ്. 7 വർഷം മുൻപ് അമ്മയുടെ വയസ്സ് മകളുടെ വയസ്സിന്റെ 4 മടങ്ങ് ആയിരുന്നു. എന്നാൽ അമ്മയുടെ ഇപ്പോഴത്തെ വയസ്സ് എത്ര ?

(A) 40 (B) 45 (C) 30 (D) 35

- o O o -

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK